**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 260** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ബി .പി .എൽ., അന്ത്യോദയ അന്ന യോജന റേഷൻ കാർഡുകളിലേക്ക് അർഹരായവരെ ഉൾപ്പെടുത്തുവാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** അർഹരായ കുടുംബങ്ങളെ ബി .പി .എൽ ., അന്ത്യോദയ അന്ന യോജന റേഷൻ കാർഡുകളിലേക്ക് മാറ്റുന്ന നടപടികൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയാണ്. വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധനകളിലൂടെ മുൻഗണനാ വിഭാഗത്തിൽ അനർഹമായി തുടരുന്നവരെ കണ്ടെത്തി ഒഴിവാക്കുന്നതിനും, അതുവഴി ലഭ്യമാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 75,587 കുടുംബങ്ങളെ മുൻഗണനാ (PHH) വിഭാഗത്തിലേക്കും 2,129 കുടുംബങ്ങളെ അന്ത്യോദയ അന്നയോജന (AAY) വിഭാഗത്തിലേക്കും ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ബി)** സ്വന്തമായി വീടില്ലാത്തവരും എന്നാൽ വാടകയ്ക്ക് താമസിക്കുന്നവരും പുതിയ റേഷൻ കാർഡ് എടുക്കാൻ ശ്രമിക്കുമ്പോൾ വാടക വീടിന്റെ വീട്ടുനമ്പർ ഉപയോഗിച്ച് മുൻ ഉടമസ്ഥർ റേഷൻ കാർഡ് എടുത്തത് മൂലം വാടക വീട്ടുകാർക്ക് പുതിയ റേഷൻ കാർഡ് കിട്ടാത്ത സാഹചര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** റേഷൻ കാർഡില്ലാതെ വാടകവീടുകളിൽ താമസിക്കുന്നവർക്ക്, സാധുവായ വാടകക്കരാറോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഹാജരാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ, അപേക്ഷകന്റെ സ്വന്തം സാക്ഷ്യപ്പത്രത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥനായ റേഷൻ ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി പ്രസ്തുത കുടുംബം ബന്ധപ്പെട്ട വീട്ടിൽ താമസിക്കുന്നതായി ബോധ്യപ്പെടുന്ന പക്ഷം റേഷൻ കാർഡ് അനുവദിക്കുന്നുണ്ട്. കൂടാതെ, ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന സാഹചര്യത്തിൽ, അവർ ഭക്ഷണമോ താമസസൗകര്യങ്ങളോ പരസ്പരം പങ്കുവയ്ക്കുന്നില്ലെന്നും സ്വതന്ത്ര കുടുംബങ്ങളായി കഴിയുന്നുവെന്നും അന്വേഷണത്തിൽ ബോധ്യപ്പെടുന്ന പക്ഷം, ദുരുപയോഗത്തിനുള്ള സാധ്യത ഇല്ലെന്ന് ഉറപ്പുവരുത്തി ഓരോ കുടുംബത്തിനും പ്രത്യേകം റേഷൻ കാർഡ് അനുവദിച്ചുവരുന്നു.

**(സി)** നിരാലംബരും കടത്തിണ്ണകളിലും തോട്ടരികിലും റോഡരികിലും താമസിക്കുന്നവരും കൂടാതെ പത്തുവർഷത്തിലേറെയായി അന്യസംസ്ഥാനങ്ങളിൽ നിന്നും ഇവിടെ സ്ഥിരമായി താമസിച്ച് മക്കളെ

ഇവിടത്തെ സ്കൂളുകളിൽ പഠിപ്പിക്കുകയും ചെയ്യുന്ന നിരവധി അതിഥി തൊഴിലാളി കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** റോഡരികിലും റെയിൽവേ പുറമ്പോക്കിലും തോടിന്റെ വശങ്ങളിലും ഷെഡ് കെട്ടി താമസിക്കുന്നവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ, റേഷൻ കാർഡിൽ വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി പുതിയ റേഷൻ കാർഡ് അനുവദിക്കുന്നുണ്ട്. കൂടാതെ, ആധാർ കാർഡുള്ളവരും ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് റേഷൻ കാർഡ് നിലവിലില്ലാത്തവരുമായ ഇന്ത്യൻ പൗരന്മാരായ അന്യസംസ്ഥാന തൊഴിലാളികളുടെ കുടുംബങ്ങൾക്ക്, സംസ്ഥാനത്തെ സ്ഥിരതാമസത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് റേഷൻ കാർഡ് അനുവദിച്ചുവരുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക് അവർ താമസിക്കുന്ന സ്ഥലത്തെ മുൻഗണനാ റേഷൻ കാർഡിൽ അർഹതപ്പെട്ട അരി, ഗോതമ്പ് എന്നിവ 'One Nation One Ration Card' പദ്ധതി പ്രകാരം ആധാർ കാർഡ് അല്ലെങ്കിൽ റേഷൻ കാർഡ് നമ്പർ ഉപയോഗിച്ച് കേരളത്തിലെ ഏത് റേഷൻ കടയിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**